
# അനുബന്ധ വിഭാഗം

**ഹെരോദാവുമാരിൽ ചിലർ**

മഹാനായിരുന്ന ഹെരോദാവിന്റെ മൂന്ന് ആൺമക്കളെയും (ഓരോരുത്തർക്കും വ്യത്യസ്ത ഭാര്യമാർ) അവരിൽ ഒരാളുടെ രണ്ട് പിൻഗാമികളെയും താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ കാണിച്ചിരിക്കുന്നു. ഹെരോദാവു അന്തിപ്പാസിന് ഹെരോദ്യയുമായി ഉണ്ടായിരുന്ന ബന്ധത്തെ മനസ്സിലാക്കുവാൻ ആ ചാർട്ട് സഹായിക്കും.




"ഹെരോദാവു ഫിലിപ്പൊസ് I" ലൂക്കൊസ് 3:1–ൽ സൂചിപ്പിച്ചിരുന്ന ഇടപ്രഭു ആയിരുന്നില്ല. ഹെരോദാവു ഫിലിപ്പൊസ് I–നെ റോമിലേക്ക് നാടുകടത്തിയിരുന്നു. ഹെരോദ്യയുടെയും ഹെരോദാവു ഫിലിപ്പൊസ് I–ന്റെയും മകളായിരുന്നു ശലോമി എന്നതും ശ്രദ്ധിക്കേണ്ടതാണ്.

# ഗലീലാ കടൽ

യോർദ്ദാൻ നദീതടത്തിന്റെ വടക്കേ അറ്റത്തായിരുന്നു ഗലീലാ കടൽ. പഴയ നിയമ കാലത്ത് അതിനെ കിന്നേരെത്ത് കടൽ (അല്ലെങ്കിൽ കിന്നേരോത്ത്) എന്നു വിളിച്ചിരുന്നു (സംഖ്യാപുസ്തകം 34:11; യോശുവ 12:3; 13:27), ടൗണിനെയും ജില്ലയെയും ശക്തിപ്പെടുത്തിയതിനെ തുടർന്നാണ് ആ നാമം ലഭിച്ചത് (യോശുവ 19:35; 1 രാജാ 15:20). അതിനെ സാധാരണ പുതിയനിയമത്തിൽ ഗലീലാ കടൽ എന്നാണ് വിളിക്കുന്നത്, ഗലീലാ പ്രവിശ്യക്കുശേഷം ആ പേരോടുകൂടി അറിയപ്പെട്ടു. ലൂക്കൊസ് അതിനെ ഗന്നേസരെത്ത് തടാകം എന്നു വിളിച്ചു (ലൂക്കൊസ് 5:1); ഗന്നേസരെത്ത് അതിന്റെ പടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്തിരുന്ന സ്ഥലമായിരുന്നു (മത്തായി 14:34). ആ കടലിനെ പിന്നീട് തിബര്യാസ് നദി എന്നു വിളിച്ചു (യോഹന്നാൻ 6:1; 21:1), അതിന്റെ പടിഞ്ഞാറേ തീരത്തുള്ള ഒരു ടൗണിൽ നിന്നാണ് ആ പേർ എടുത്തിട്ടുള്ളത്. തെറ്റിദ്ധാരണ ഒഴിവാക്കുവാൻ, നമ്മൾ ആ ജലാശയത്തെ ഗലീലാ കടൽ എന്നു വിളിക്കുന്നു.


കടൽ പിയറിന്റെ–ആകൃതിയിലുള്ളതും, ഏതാണ്ടു ഏഴിൽ പതിമൂന്നു മൈലുകൾ ഉള്ളതായി കണക്കാക്കാവുന്നതും, കടൽനിരപ്പിൽ നിന്നും ഏതാണ്ട് എഴുനൂറ് അടി താഴെ സ്ഥിതിചെയ്തിരുന്നതുമാണ്. കടലിന്റെ ഏറ്റവും ആഴമുള്ള സ്ഥലം ഏതാണ്ട് 150 അടി ഉണ്ടായിരുന്നു. അത് മലകളാലും പർവ്വതങ്ങളാലും ചുറ്റപ്പെട്ടിരുന്നു, അവ അറുനൂറ് മുതൽ ആയിരം അടി വരെ കടലിനുമീതെ ഉയർന്നു നിൽക്കുന്നവയായിരുന്നു. ഒരവസരത്തിൽ, ഉയർന്ന സ്ഥലങ്ങളിൽ നിന്ന് കാറ്റ് തടാകത്തിലേക്ക് അടിക്കുമ്പോൾ, വലിയ തിരമാലകൾ അതിന്റെ പ്രതലത്തിൽ ഉയരുമായിരുന്നു.

വെള്ളം സ്വീകരിക്കുകയും പുറത്തുവിടുകയും ചെയ്യുന്നതുകൊണ്ട്, ആ കടലിലെ വെള്ളം ശുദ്ധവും പുതിയതും, ധാരാളം മത്സ്യം വളരുന്നതുമായിരുന്നു (ചാവു കടലിന്നു വിപരീതമായി). ക്രിസ്തുവിന്റെ കാലത്തു, അതിനുചുറ്റും ടൗണുകൾ ഉണ്ടായിരുന്നു, അതിനാൽ ആഴത്തിൽ നിന്ന് പിടിച്ചുകൊണ്ടുവരുന്ന മീനുകളെ വിൽക്കുന്നതിനു ചന്തകൾ ധാരാളം ഉണ്ടായിരുന്നു. "ആയിരക്കണക്കിനു ബോട്ടുകൾ മീൻപിടുത്തത്തിനുവേണ്ടിയും, യാത്രക്കായും, ഉല്ലാസത്തിനായും തടാകത്തിൽ അങ്ങോട്ടുമിങ്ങോട്ടും പോയിരുന്നു, അതുകൊണ്ട് ആ പ്രദേശം മുഴുവൻ ഊർജ്ജവും സമൃദ്ധിയും നിറഞ്ഞിരുന്നു."[1]

---

കുറിപ്പു

[1]ജെയിംസ് സ്റ്റാക്കർ, *ദ ലൈഫ് ഓഫ് ജീസസ് ക്രൈസ്റ്റ്* (ഷിക്കാഗോ: ഫ്ളെമിങ് എച്ച്. റിവെൽ കമ്പനി., 1981), 59.


ഫൊയ്നിക്യ
ദാൻ
ഗലീലി
ഹോൺസ്
ഓഫ്
ഹാറ്റിൻ
ഗന്നേസരെത്ത്
സമഭൂമി
കഫർന്നഹൂം
ഗലീലാ
കടൽ
കാനാ?
നസറെത്ത്
തിബര്യാസ്
എസ്ദ്രലോൺ താഴ്‌വര
ശമര്യ

# അപ്പൊസ്തലന്മാർ

▶▶ **പത്രൊസ്** – അവനെ ശീമോൻ എന്നും വിളിച്ചിരുന്നു. അവന്റെ പേർ “കല്ല്” എന്നർത്ഥമുള്ള, കേഫാവു എന്നു പിന്നീടു മാറ്റി. അവൻ യെഹൂദന്മാരുടെ ഇടയിൽ തന്റെ സുവിശേഷ വേല നടത്തുകയും 1 ഉം 2 ഉം പത്രൊസിന്റെ ലേഖനങ്ങൾ എഴുതുകയും ചെയ്തു. മർക്കൊസിന്റെ സുവിശേഷം എഴുതുവാനും അവൻ ഒരുപക്ഷെ സഹായിച്ചിരിക്കാം.

▶▶ **അന്ത്രെയാസ്** – അവൻ പത്രൊസിന്റെ സഹോദരനും പത്രൊസിനെ യേശുവിനു പരിചയപ്പെടുത്തിയവനുമായിരുന്നു (യോഹന്നാൻ 1:40–42). ആ സഹോദരന്മാർ ബേത്സെയിദയിൽ നിന്നുള്ള മീൻപിടുത്തക്കാർ ആയിരുന്നു.

▶▶ **യാക്കൊബ്** – അവൻ യോഹന്നാന്റെ സഹോദരനായിരുന്നു. സെബദിയുടെയും ശലോമിയുടെയും പുത്രന്മാർ ആയ അവർ രണ്ടുപേരും തങ്ങളുടെ അപ്പനോടുകൂടെ ബേത്സെയിദയിൽ അദ്ധ്വാനിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ “ശ്രേഷ്ഠൻ” എന്നു വിളിച്ചിരുന്ന യാക്കൊബ്, യെരുശലേമിലും യെഹൂദ്യയിലും പ്രസംഗിച്ചിരുന്നു. ഏ.ഡി. 44–ൽ ഹെരോദാവിനാൽ അവൻ ശിരച്ഛേദം ചെയ്യപ്പെട്ടു, ആദ്യ അപ്പൊസ്തൊലിക രക്തസാക്ഷിയായി തീർന്നു.

▶▶ **യോഹന്നാൻ** – അവൻ യാക്കൊബിന്റെ സഹോദരനായിരുന്നു. അവർ രണ്ടുപേരും അപ്പനോടുകൂടെ, മീൻപിടിച്ചുവന്നിരുന്നു (മർക്കൊസ് 1:19, 20). ആ രണ്ടു സഹോദരന്മാരെ യേശു “ഇടിമക്കൾ” എന്നു വിളിച്ചിരുന്നു (മർക്കൊസ് 3:17). യോഹന്നാൻ ആസ്യ ഭൂഖണ്ഡത്തിലെ സഭകളിൽ പ്രവർത്തിച്ചിരുന്നു, പ്രത്യേകിച്ച് എഫെസൊസിൽ. ഏ.ഡി. 95–ൽ, അവൻ പത്മൊസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു, അവിടെവച്ചാണ് അവൻ വെളിപ്പാട് രേഖപ്പെടുത്തിയത്. അവന്റെ എഴുത്തുകളിൽ യോഹന്നാന്റെ സുവിശേഷവും 1, 2, 3 യോഹന്നാൻ എന്നീ ലേഖനങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

▶▶ **ഫിലിപ്പൊസ്** – അവൻ ബേത്സെയിദക്കാരനായിരുന്നു. അവൻ നഥനയേലിനോട് യേശുവിനെ കുറിച്ചു പറഞ്ഞിരുന്നു (യോഹന്നാൻ 1:44–46).

▶▶ **ബർത്തൊലൊമായി** – അവൻ ഒരുപക്ഷെ യോഹന്നാന്റെ സുവിശേഷ വിവരണത്തിൽ പറഞ്ഞിരിക്കുന്ന നഥനയേൽ ആകാം (യോഹന്നാൻ 1:44–46). അവൻ ഗലീലയിലെ കാനാവിൽ നിന്നുള്ളവനായിരുന്നു.

▶▶ **തോമാസ്** – അവനെ ദിദിമോസ് (“ഇരട്ടകൾ”) എന്നും വിളിച്ചിരുന്നു (യോഹന്നാൻ 11:16; 20:24; 21:2). അവന്റെ വീട് ഗലീലയിലായിരുന്നു. സുറിയയിൽ സഭ ആരംഭിക്കുവാൻ ഇടയായത് അവനായിരുന്നുവെന്ന് അവിടെയുള്ള ക്രിസ്ത്യാനികൾ അവകാശപ്പെടുന്നു; അവനായിരിക്കാം പേർഷ്യയിലും ഇന്ത്യയിലും സഭകൾ സ്ഥാപിച്ചത്.

▶▶ **മത്തായി** – അവനെ അൽഫായിയുടെ മകൻ, ലേവി എന്നും വിളിച്ചിരുന്നു (മത്തായി 9:9; മർക്കൊസ് 2:14). അവൻ കഫർന്നഹൂമിൽ നിന്നുള്ളവനും റോമാ ഗവൺമെന്റിനുവേണ്ടി ചുങ്കം പിരിക്കുന്നവനുമായിരുന്നു.

▶▶ **യാക്കൊബ്** – ചിലപ്പോൾ അവനെ “കുറിയവൻ” എന്നും വിളിച്ചിരുന്നു, ഈ യാക്കൊബ് അൽഫായിയുടെയും മറിയയുടെയും ഒരു മകനായിരുന്നു (മത്തായി 10:3; 27:56). (യാക്കൊബും മത്തായിയും സഹോദരന്മാർ ആയിരുന്നോ? നമുക്കറിയില്ല.) അവൻ ഗലീലയിൽ നിന്നുള്ളവനും യാക്കൊബിന്റെ ലേഖനം എഴുതിയവനും ആയിരുന്നു.

⏩ **തദ്ദായി** – യാക്കൊബിന്റെ ഒരു മകനായിരുന്ന ഇവനെ, യൂദാ അല്ലെങ്കിൽ ജൂഡ് എന്നു വിളിച്ചിരുന്നു (മത്തായി 10:3; ലൂക്കൊസ് 6:16). അവൻ ഒരു ഗലീലക്കാരനായിരുന്നു.

⏩ **എരിവുകാരനായ ശീമോൻ** – അവനെ കന്യാന്യനെന്നും അറിയപ്പെട്ടിരുന്നു, അതു "എരിവുകാരൻ" എന്നതിന്റെ മറ്റൊരു വാക്കും, അരാമ്യ പദത്തിൽ നിന്നു പരിഭാഷപ്പെടുത്തിയതുമാണ്. ശീമോൻ ഗലീലയിൽ നിന്നുള്ളവനായിരുന്നു.

⏩ **ഇസ്കേര്യോത്താ യൂദാ** – "ഇസ്കേര്യോത്താ" എന്നത് ഒരുപക്ഷെ അവൻ യെഹൂദ്യയിലെ കിരിയോത്ത് എന്ന പട്ടണക്കാരൻ ആണെന്നാണ് സൂചിപ്പിക്കുന്നത്. അവൻ യേശുവിനെ ഒറ്റിക്കൊടുക്കുകയും കെട്ടിഞാന്ന് ചത്തുകളയുകയും ചെയ്തു.

⏩ **മത്ഥിയാസ്** – ഇസ്കേര്യോത്താ യൂദയുടെ മരണശേഷം, അവനു പകരമായി ചീട്ടിട്ടു തിരഞ്ഞെടുത്തവനായിരുന്നു മത്ഥിയാസ് (പ്രവൃത്തികൾ 1:26). മത്ഥിയാസ് യേശുവിനോടും അവന്റെ ശിഷ്യന്മാരോടും ഒപ്പം "യോഹന്നാന്റെ സ്നാനം മുതൽ അവന്റെ സ്വർഗ്ഗാരോഹണം വരെ" കൂടെ ഉണ്ടായിരുന്നു എന്നു പ്രവൃത്തികൾ 1:22–ൽ നിന്നും നമുക്കു മനസ്സിലാക്കാം.

⏩ **പൗലൊസ്** – ശൗൽ, മുൻപ് സഭയെ ഉപദ്രവിച്ചവനായിരുന്നു, എന്നാൽ അവൻ പൗലൊസ് ആയി മാറുകയും, ജാതികളുടെ അപ്പൊസ്തലൻ എന്നു വിളിക്കപ്പെടുകയും ചെയ്തു (റോമർ 11:13; 1 കൊരിന്ത്യർ 1:1; 9:1; 15:9; 2 കൊരിന്ത്യർ 12:12; ഗലാത്യർ 1:1; 1 തിമൊഥെയൊസ് 2:7). ദമസ്ക്കൊസിലേക്കുള്ള മാർഗ്ഗ മദ്ധ്യേ യേശു അവന്നു പ്രത്യക്ഷപ്പെട്ടിരുന്നു. പുതിയ നിയമത്തിൽ ധാരാളം പുസ്തകങ്ങൾ അവൻ എഴുതി.

അപ്പൊസ്തലന്മാർ കർത്താവിനാൽ നിയമിക്കപ്പെട്ട, അവന്റെ പ്രത്യേക സന്ദേശവാഹകരായിരുന്നു, അവർ അവന്റെ ജീവിതത്തെയും ഉയർത്തെഴുന്നേൽപിനേയും വ്യക്തിപരമായി സാക്ഷീകരിച്ചിരുന്നു. ഇസ്കേര്യോത്താ യൂദക്കു പകരം ആളെ എടുത്തപ്പോൾ, പുതിയ അപ്പൊസ്തലൻ ആകേണ്ടത് അവന്റെ ഭൗമിക ശുശ്രൂഷയിൽ ഉടനീളം അവനോടും അവന്റെ ശിഷ്യന്മാരോടും ഒപ്പം ഉണ്ടായിരുന്നവൻ ആയിരുന്നു (പ്രവൃത്തികൾ 1:21). പിന്നീട്, ജാതികളുടെ അപ്പൊസ്തലൻ ആയി മാറ്റേണ്ടതിനുള്ള യോഗ്യതക്ക് പൗലൊസിനു ക്രിസ്തു വീണ്ടും പ്രത്യക്ഷനായി (1 കൊരിന്ത്യർ 15:8 നോക്കുക). ഇവിടെ തന്നിരിക്കുന്ന ചില വിവരങ്ങൾ എടുത്തിരിക്കുന്നത് ഫ്രാങ്ക് എൽ. കോക്സിന്റെ, "ദ ഗ്ളോറിയസ് കമ്പനി ഓഫ് ദ അപ്പൊസ്റ്റൽസ്," *ദ മിനിസ്റ്റേഴ്സ് മന്ത്‌ലി* (ഫെബ്രുവരി 1960): 254.

## തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള അപ്പൊസ്തലന്മാർ*


| മത്തായി 10:2–4 | മർക്കൊസ് 3:16–19 | ലൂക്കൊസ് 6:13–16 | പ്രവൃത്തികൾ 1:13 |
|---|---|---|---|
| ശീമോൻ പത്രൊസ് | ശീമോൻ പത്രൊസ് | ശീമോൻ പത്രൊസ് | പത്രൊസ് |
| അന്ത്രെയാസ് | യാക്കോബ് | അന്ത്രെയാസ് | യോഹന്നാൻ |
| യാക്കോബ് | യോഹന്നാൻ | യാക്കോബ് | യാക്കോബ് |
| യോഹന്നാൻ | അന്ത്രെയാസ് | യോഹന്നാൻ | അന്ത്രെയാസ് |
| ഫിലിപ്പൊസ് | ഫിലിപ്പൊസ് | ഫിലിപ്പൊസ് | ഫിലിപ്പൊസ് |
| ബർത്തൊലൊമായി | ബർത്തൊലൊമായി | ബർത്തൊലൊമായി | തോമസ് |
| തോമസ് | മത്തായി | മത്തായി | ബർത്തൊലൊമായി |
| മത്തായി | തോമസ് | തോമസ് | മത്തായി |
| അൽഫായിയുടെ | അൽഫായിയുടെ | അൽഫായിയുടെ | അൽഫായിയുടെ |
| മകൻ യാക്കോബ് | മകൻ യാക്കോബ് | മകൻ യാക്കോബ് | മകൻ യാക്കോബ് |
| തദ്ദായി | തദ്ദായി | എരിവുകാരനായ | എരിവുകാരനായ |
| | | ശീമോൻ | ശീമോൻ |
| | | യാക്കോബിന്റെ | യാക്കോബിന്റെ |
| എരിവുകാരനായ | എരിവുകാരനായ | മകൻ യൂദാ | മകൻ യൂദാ |
| ശീമോൻ** | ശീമോൻ | ഇസ്കേര്യോത്താ | |
| ഇസ്കേര്യോത്താ | ഇസ്കേര്യോത്താ | യൂദാ | |
| യൂദാ | യൂദാ | | |

*കുത്തിട്ട വര സൂചിപ്പിക്കുന്നത് പേജ് 70–76 വരെ പറഞ്ഞിരിക്കുന്ന ലിസ്റ്റിലുള്ളവരെ കുറിച്ചാണ്.

**ഗ്രീക്കിൽ മത്തായിയുടെയും മർക്കൊസിന്റെയും പുസ്തകത്തിൽ (കെജെവി നോക്കുക) ഉപയോഗിച്ചിരിക്കുന്ന “എരിവുകാരൻ” എന്നതിന് വേറെ വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, പക്ഷെ അതിന്റെ അർത്ഥം ഒന്നുതന്നെയാണ്.

## ഈ ലക്കത്തിലുള്ള ക്രിസ്തു സഞ്ചരിച്ച സ്ഥലങ്ങൾ

| | |
|---|---|
| വലിയ ഗലീലാ ശുശ്രൂഷയുടെ ആരംഭം<br>(മത്താ. 4:12; മർക്കൊ. 1:14, 15; ലൂക്കൊ. 4:14, 15) | ഗലീലി |
| കഫർന്നഹൂമിൽ പാർക്കുന്നു<br>(മത്താ. 4:13–17; ലൂക്കൊ. 4:31) | കഫർന്നഹൂം |
| മുഴുവൻ–സമയശിഷ്യത്വത്തിനു ക്ഷണിക്കുന്നു<br>(മത്താ. 4:18–22; മർക്കൊ. 1:16–20; ലൂക്കൊ. 5:1–11) | കഫർന്നഹൂം |
| പള്ളിയിൽ ഭൂതബാധിതനെ സൗഖ്യമാക്കുന്നു<br>(മർക്കൊ. 1:21–28; ലൂക്കൊ. 4:31–37) | കഫർന്നഹൂം |
| പല അത്ഭുത രോഗശാന്തി<br>(മത്താ. 4:23–25; 8:14–17; മർക്കൊ. 1:29–39;<br>ലൂക്കൊ. 4:38–44) | കഫർന്നഹൂമും<br>ഗലീലിയും |
| കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു<br>(മത്താ 8:2–4; മർക്കൊ. 1:40–45; ലൂക്കൊ. 5:12–15) | ഗലീലി |
| പക്ഷവാതരോഗിയെ സൗഖ്യമാക്കുന്നു<br>(മത്താ. 9:2–8; മർക്കൊ 2:1–12; ലൂക്കൊ. 5:17–26) | കഫർന്നഹൂം |
| മത്തായിയെ ക്ഷണിക്കുന്നു; മത്തായിയുടെ വിരുന്ന്<br>(മത്താ. 9:9–17; മർക്കൊ. 2:13–22; ലൂക്കൊ. 5:27–39) | കഫർന്നഹൂം |
| ബെഥേസ്താ കുളത്തിനരികെ സൗഖ്യമാക്കുന്നു<br>(യോഹ. 5:2–47) | യെരുശലേം |
| ശബ്ബത്ത് സമ്പ്രദായങ്ങളെ ചെറുക്കൽ<br>(മത്താ. 12:1–14; മർക്കൊ. 2:23–3:6; ലൂക്കൊ. 6:1–11) | കഫർന്നഹൂം |
| പന്ത്രണ്ടു അപ്പൊസ്തലന്മാരെ നിയമിക്കുന്നു<br>(മത്താ. 10:2–4; മർക്കൊ. 3:13–19; ലൂക്കൊ. 6:12–19) | ഹോൺസ് ഓഫ്<br>ഹാറ്റിൻ (?) |
| ഗിരിപ്രഭാഷണം<br>(മത്താ. 5–7; ലൂക്കൊ 6:20–49). | ഹോൺസ് ഓഫ്<br>ഹാറ്റിൻ (?) |
| ശതാധിപന്റെ ഭൃത്യനെ സൗഖ്യമാക്കി<br>(മത്താ. 8:1, 5–13; ലൂക്കൊ. 7:1–10) | കഫർന്നഹൂം |
| വിധവയുടെ മകനെ ഉയർത്തി<br>(ലൂക്കൊ. 7:11–17) | ഗലീലി |
| രണ്ടാം ഗലീലാ സഞ്ചാരം<br>(ലൂക്കൊ. 8:1–3) | ഗലീലി |


യേശുവിന്റെ
ശുശ്രൂഷാകാലത്തെ
പാലസ്തീൻ
സുറിയ
സിദോൻ
ഫൊയ്നിക്യ
ത്രഖോനിതി
ദാൻ
സോർ
ഗലീലി
ബാശാൻ
ജില്ല
കൊറാസിൻ
ബേത്ത്സെയിദ
കഫർന്നഹൂം
മഗ്ദല
ഗലീലാ
കടൽ
ഹോൺസ് ഓഫ് ഹാറ്റിൻ
കാനാ?
നസറെത്ത്
എസ്ദ്രലോൺ
താഴ്‌വര
ദെക്കെപ്പൊലി
അയെനോൻ?
സലീം?
മഹാനദി
ശമര്യ
യോർദ്ദാൻ നദി
സിക്കാർ
പെറിയ
("യോർദ്ദാനപ്പുറം")
ഗരേസിം
മല
യെരുശലേം
ബേത്ത്ലഹേം
യെഹൂദ്യ
ചാവു
കടൽ
മാഖീറസ്
ഏദോമ്യ

# മൂന്നുരാവും മൂന്നുപകലും (മത്താ. 12:40)

അടയാളം അന്വേഷിക്കുന്നവരോടു യേശു പറഞ്ഞു, "... യോനാ കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നുപകലും ഇരുന്നതുപോലെ, മനുഷ്യപുത്രൻ മൂന്നുരാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും" (മത്തായി 12:40). എങ്ങനെയായാലും, തന്റെ ഉയർത്തെഴുന്നേൽപ്പിനെ കുറിച്ച് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞപ്പോൾ, "മൂ*ന്നാം* നാൾ" അവൻ ഉയർത്തെഴുന്നേൽക്കും എന്നാണ് പറഞ്ഞത് (മത്തായി 16:21; 17:23; 20:19; എംഫസിസ് മൈൻ). അവന്റെ പ്രസ്താവന നിറവേറുന്നതായി ലൂക്കൊസ് 24:6–8, 13–27 ൽ നാം കാണുന്നു.

നമുക്കു പറയുവാൻ കഴിയുന്നിടത്തോളം, "യേശു കല്ലറയിൽ ആയിരുന്നത് ഒരു മുഴുവൻ ദിവസവും, രണ്ടു രാത്രി മുഴുവനും മറ്റു രണ്ടു ദിവസങ്ങൾ ഭാഗികമായും ആയിരുന്നു."[1] പിന്നെ, എന്തുകൊണ്ട്, അവൻ "മൂന്നു രാവും മൂന്നുപകലും" കല്ലറയിൽ ആയിരുന്നതായി പറഞ്ഞു? അതിന് ജെ. ഡബ്ളിയു. മെക്ഗാർവെ ഈ വിശദീകരണം നൽകുന്നു:


> ... അതു സംഭവിച്ചത് ദിവസത്തിന്റെ ആരംഭത്തിലോ അവസാനത്തിലോ ആകുമ്പോൾ ഒരു ദിവസത്തിന്റെ ഒരു ഭാഗത്തെ ഒരു ദിവസമായി യെഹൂദർ കണക്കാക്കിയപ്പോൾ, [യേശു] മൂന്നുദിവസം കല്ലറയിൽ ആയിരിക്കുമെന്ന് പറഞ്ഞത് ശരിയായിരുന്നു. യെഹൂദന്മാർക്ക് മൂന്നുപ്രയോഗങ്ങൾ ഉണ്ടായിരുന്നു... : "മൂന്നാം നാൾ," "മൂന്ന് ദിവസത്തിനുശേഷം," "മൂന്നു രാവും മൂന്നു പകലും," ഇവയെല്ലാം ഒരേ അർത്ഥത്തെ സൂചിപ്പിക്കുന്നു; അതായത്, മൂന്ന് ദിവസത്തെ, അതിൽ രണ്ടെണ്ണം ഭാഗികമായ ദിവസങ്ങളുമായിരിക്കാം. അവരെ സംബന്ധിച്ച് ആ കണക്കാക്കൽ ആരംഭിക്കുന്നത് സൂര്യാസ്തമയം മുതൽ ആണെങ്കിൽ മാത്രമേ മൂന്നു രാവും പകലും നാല് ദിവസമായി കണക്കാക്കാൻ കഴിയൂ, യഥാർത്ഥത്തിൽ ദിവസം ആരംഭിക്കുന്നത് അപ്പോഴായിരുന്നു [പ്രവൃത്തികൾ 10:1–30]. യെഹൂദന്മാരുടെ ദിവസങ്ങൾ കണക്കുകൂട്ടുന്നതിനുള്ള ഉദാഹരണത്തിന് നോക്കുക [1 രാജാക്കന്മാർ 12:5, 12; എസ്ഥേർ 4:1, 16; മത്തായി 27:63, 64].[2]

യേശു മരിക്കുന്നതിനു മുൻപുള്ള അവന്റെ അവസാനത്തെ ദിവസത്തെ ഉൾപ്പെടുത്തിക്കൊണ്ട് അവൻ കല്ലറയിൽ[3] ആയിരുന്ന "മൂന്നുരാവും മൂന്നു പകലും" ചിത്രീകരിക്കുന്ന ഒരു ചാർട്ട് നാറ്റ്കൂപ്പർ തയ്യാറാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആ ചാർട്ടിൽ നിന്നുള്ളത് താഴെ കൊടുത്തിരിക്കുന്നു.

---

കുറിപ്പുകൾ

[1]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലെറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 306. യേശുവിന്റെ ഉയർത്തെഴുന്നേൽപിനെ കുറിച്ച് നാം പഠിക്കുമ്പോൾ ഇതിന്റെ വിശദാംശങ്ങൾ കൂടുതൽ കാണും. [2]ഇബിഡ്. [3]നാറ്റ് കൂപ്പർ, *എ സ്റ്റഡി ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ലബ്ബോക്ക്, ടെക്സ്.:സൺസെറ്റ് ഇന്റേർനാഷണൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, എൻ. ഡി.), 54.


വെള്ളിയാഴ്ച്ച
ശനിയാഴ്ച്ച
ഞായറാഴ്ച്ച
6 A.M.
6 A.M.
6 A.M.
കയ്യഫാവു
ഹന്നാവു
പൂന്തോട്ടം
മാളിക
മുറി
പിലാത്തോസ്
ക്രൂശീകരിച്ചു
9 a.m.
മർക്കൊ. 15:25
മരിച്ചു
3 p.m.
മത്താ. 27:46–50;
മർക്കൊ.15:33–37;
ലൂക്കൊ. 23:44–46
കല്ലറ
മർക്കൊ.15:42–46;
ലൂക്കൊ. 23:50–54;
മത്താ. 27:57–60
ശബ്ബത്ത്
മത്താ. 27:62;
ലൂക്കൊ.23:56
അവൻ
ഉയർത്തെഴുന്നേറ്റു
മത്താ. 28:1–6;
മർക്കൊസ് 16:1–6;
ലൂക്കൊ. 24:1–6;
യോഹ. 20:1–8
യെഹൂദന്മാർ സമയം കണക്കാക്കിയിരുന്നതിനെ ആസ്പദമാക്കി തയ്യാറാക്കിയതാണ് ഈ ചാർട്ട്. ആ കണക്കനുസരിച്ച്, ഒരു പുതിയ ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയത്തോടെയാണ് – ഏതാണ്ട് 6.00 p.m. തിരുവെഴുത്തിൽ ഉപയോഗിച്ച പദപ്രയോഗങ്ങൾ ("മൂന്നാം മണി" എന്നതും "ഒമ്പതാം മണി" എന്നതും) ആധുനികപദങ്ങളിൽ തർജ്ജിമ ചെയ്തിരിക്കുന്നു ("9.00 a.m." എന്നും "3.00 p.m." എന്നുമാണ്).
6 P.M.
6 P.M.
6 P.M.